LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂരിലെ ഊറാംവിള ജംഗ്ഷനിൽ ട്രാഫിക് ഐലന്റ്

78 [630] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ അപകടങ്ങൾ ഉണ്ടാകുന്ന ചാത്തന്നൂരിലെ ഊറാംവിള ജംഗ്ഷനിൽ ട്രാഫിക് ഐലന്റ് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ട്രാഫിക് ഐലന്റിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ;

(സി) നാഷണൽ ഹൈവേകളിലെ അപകടങ്ങൾ കുറയ്ക്കുവാൻ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ട്രാഫിക് ഐലന്റ് സ്ഥാപിക്കുന്നതാണ്.

(സി) മാർഗ്ഗ നിർദ്ദേശ സൂചികകൾ സ്ഥാപിച്ചതുകൂടാതെ പാർശ്വതല അഭിവൃദ്ധി, സെന്റർ ലൈൻ മാർക്കിംഗ്, പെഡസ്ട്രിയൻ ക്രോസിങ് മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. നാലുവരിപ്പാതയ്ക്കുള്ള ആലോചനയും നടപ്പിലുണ്ട്.

റസ്റ്റ്ഹൗസുകളുടെ നവീകരണം

79 [631] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു.ഡി. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കുന്ദമംഗലം പി.ഡബ്ലിയു.ഡി. കെട്ടിടത്തിന്റെ മുകളിൽ ഒരു നില കൂടി പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വയറിംഗ് ജോലിയും മറ്റ് റിപ്പയറിംഗും നടത്താൻ സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ റസ്റ്റ് ഹൗസിനോട് ചേർന്ന് ഒഴിഞ്ഞുകിടക്കുന്ന സ്ഥലം മറ്റു വല്ല ആവശ്യത്തിനുമായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) റസ്റ്റ് ഹൗസുകളുടെ പ്രാധാന്യവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് നവീകരണ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതാണ്.